പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 5559 28.07.2015 ൽ മറുപടിക്ക്.

## പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാപോറ്റി : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ എന്തെല്ലാമാണ് ; | (എ) പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ അനുബന്ധം 1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര പ്രൊബേഷൻ ഓഫീസർമാരുടെ തസ്തികകൾ ഉണ്ട് ; | (ബി) സംസ്ഥാനത്ത് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I ന്റെ 17 തസ്തികകളും പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ന്റെ 23 തസ്തികകളും നിലവിലുണ്ട്. |
| (സി) ജില്ലാ പ്രൊബേഷൻ ഓഫീസർ മാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (സി) പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ 12 ഉം പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 7 ഉം ഒഴിവുകൾ നിലവിലുണ്ട്.<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ നിയമനം നൽകുന്നതിനായി ഡി. പി. സി (ഹയർ) ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം I

സാമൂഹ്യ നീതി വകുപ്പ്

## പ്രൊബേഷൻ ഓഫീസർമാർ കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും

1958-ലെ നല്ലനടപ്പു നിയമം (Probation of offenders Act) പ്രകാരം നിയമിതരായ ഉദ്യോഗസ്ഥരാണ് പ്രൊബേഷൻ ഓഫീസർമാർ. കുട്ടികൾ, വനിതകൾ, തടവുകാർ, മുൻ തടവുകാർ, നല്ലനടപ്പിന് വിധിക്കപ്പെട്ട കുറ്റവാളികൾ, ആദിവാസികൾ, തുടങ്ങിയവരുടെ ക്ഷേമം മുൻനിർത്തിയുള്ള ഇടപെടലുകളും അന്വേഷണവും പുനരധിവാസവുമാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടത്തി വരുന്നത്.

**പ്രൊബേഷൻ ഓഫീസർമാർ കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും**

| | | |
|---|---|---|
| 1. | ബാല നീതി നിയമം 2000<br>(Juvenile Justice Act) | 1. കോടതികളുടെ ഉത്തരവ് പ്രകാരം കുട്ടികളുടെ സാമൂഹിക പശ്ചാത്തല അന്വേഷണ റിപ്പോർട്ട് തയ്യാറാക്കൽ (2) വ്യക്തിഗത തുടർപരിചരണ പ്ലാൻ തയ്യാറാക്കൽ (3) കൗൺസിലിംങ്ങ് (5) സ്വഭാവ രൂപീകരണത്തിനുള്ള മേൽനോട്ടം (6) ദത്തെടുക്കൽ, ഫോസ്റ്റർ കെയർ എന്നിവയ്ക്കായുള്ള കുടുംബ വിവര റിപ്പോർട്ട് തയ്യാറാക്കൽ (7) അന്യ സംസ്ഥാനക്കാരായ കുട്ടികളുടെ തിരിച്ചയപ്പ് (8) ജില്ലാതല ഉപദേശക കമ്മിറ്റി വിളിച്ചു ചേർക്കൽ (9) ഡ.ഡ.ആ., ഇ.ണ.ഇ. എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കൽ (10) കുട്ടികളുടെ പുനരധിവാസത്തിനുള്ള ധനസഹായ പദ്ധതി നടപ്പാക്കൽ |
| 2. | നല്ലനടപ്പു നിയമം 1958<br>(Probation of Offenders Act) | 1. പ്രാഥമികാന്വേഷണ റിപ്പോർട്ട് നിശ്ചിത സമയത്തിനകത്ത് ബഹു. കോടതികളിൽ സമർപ്പിക്കൽ.<br>2. ജാമ്യം അനുവദിക്കാനുള്ള അന്വേഷണം നടത്തി ശുപാർശ സമർപ്പിക്കൽ<br>3. ജാമ്യം നൽകിയതിന് ശേഷം അന്വേഷണം, മേൽനോട്ടം<br>4. കോടതികളിൽ നിന്നും നല്ലനടപ്പിന് വിടുന്ന പ്രൊബേഷണർമാരുടെ മേൽനോട്ടവും, സ്വ ഭാവ രൂപീകരണവും, പുനരധിവാസങ്ങളിലും പോലീസിനും അവബോധ രൂപകരണം.<br>5. പ്രൊബേഷണർമാർക്കുള്ള പുനരധിവാസ ധനസഹായപദ്ധതി നടപ്പാക്കൽ |
| 3. | കേരള ജയിൽ ചട്ടങ്ങൾ 1958<br>(The Kerala Prisons Rules 1958)<br><br>കേരള ജയിൽ ചട്ടങ്ങൾ 1958<br>(The Kerala Prison's Rules 1958) | 1. തടവുകാരുടെ പരോൾ അന്വേഷണം, റിപ്പോർട്ട്<br>2. വീട്ടവധി (Home Leave) അന്വേഷണം, റിപ്പോർട്ട്<br>3. കാലാവധി തികയാതെയുള്ള ജയിൽ വിടുതൽ (Pre mature release) അന്വേഷണം, റിപ്പോർട്ട്<br>4. തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കൽ<br>5. കാലാവധി പൂർത്തിയാവാതെ വിടുതൽ ചെയ്തവരുടെ മേൽനോട്ടം, പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ<br>6. തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം |
| 4. | അനാഥാലയ നിയമം 1960<br>(Orphage and other charitable | 1. അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തി റിപ്പോർട്ട് ചെയ്യൽ<br>2. ജില്ലാതല മേൽനോട്ട നിയന്ത്രണ സമിതി (Monitoring |

| | | |
|---|---|---|
| | Institution (Control and Supervision) Act) | Cell) വിളിച്ചു കൂട്ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ<br>3. തീർത്തും അനാഥരായ കുട്ടികളെ കണ്ടെത്തി ദത്തെടുക്കലിന് പ്രാപ്തരാക്കൽ :- |
| 5. | ഇമ്മോറൽ ട്രാഫിക് തടയൽ നിയമം<br>(Immoral Traffic Act) | 1. ഇരകളാകുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി കോടതി ആവശ്യപ്പെടുന്ന സമക്ഷം റിപ്പോർട്ട് നൽകൽ |
| 6. | ബോസ്റ്റൽ സ്കൂൾ നിയമം 1961<br>(Bostal school Act) | 1. 21 വയസ്സിന് താഴെയുള്ള കുറ്റവാളികളുടെ നല്ല സ്വഭാവരൂപീകരണത്തിനായി കോടതി ആവശ്യപ്പെടുന്ന മുറയ്ക്ക് റിപ്പോർട്ട് നൽകൽ.<br>2. ബോസ്റ്റൽ സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നവരുടെ മേൽനോട്ടം |
| 7. | സ്ത്രീധന നിരോധന നിയമം 1961<br>(Dowry Prohibition Act) | 1. നിയമപ്രകാരം ലഭിക്കുന്ന പരാതികളുടെ മേൽ തെളിവുകളും വിവരങ്ങളും ശേഖരിച്ച് സ്ത്രീധനം നിരോധനം ഓഫീസർക്ക് (Dowry Prohibition Officer) കൈമാറൽ |

**<u>മറ്റു ചുമതലകൾ</u>**

1. തുടർ ശ്രദ്ധാ കേന്ദ്രങ്ങൾ (After Care Home), മഹിളാ മന്ദിരങ്ങൾ എന്നിവിടങ്ങളിലെ താമസക്കാരായവരുടെ, വിവരാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ.
2. വൃദ്ധ മന്ദിരങ്ങൾ, മഹിളാ മന്ദിരം, ചിൽഡ്രൻസ് ഹോം (നേരത്തെ ജുവനൈൽ ഹോം എന്നറിയപ്പെട്ടിരുന്നു), നിരീക്ഷണാലയങ്ങൾ (Observation Home) ബുദ്ധിമാന്ദ്യവും, അംഗവൈകല്യവും സംഭവിച്ച കുഞ്ഞുങ്ങൾക്കായുള്ള മന്ദിരങ്ങൾ (differently abled) മാനസിക രോഗികളുടെ പുനരധിവാസത്തിനായുള്ള മന്ദിരങ്ങൾ (ആശാഭവൻ) എന്നിവടങ്ങളിലെ അന്തേവാസികളുടെ പ്രവേശനം, സ്ഥിരപ്പെടുത്തൽ, വിടുതൽ, മറ്റു പുനരധിവാസ സാധ്യതകൾ എന്നിവയും, വിടുതൽ നേടിയവരുടെ മേൽനോട്ടം വഹിക്കൽ എന്നിവയും.
3. മഹിളാ മന്ദിരത്തിലെ അന്തേവാസികളുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സമർപ്പിക്കൽ
4. ബാലവേല, ബാലഭിക്ഷാടനം, കുട്ടികളെ കടത്തൽ എന്നിവ തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം
5. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി രൂപീകരിച്ച സമിതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
6. ആദിവാസി കുട്ടികളുടെയും വനിതകളുടെയും പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
7. കുറ്റകൃത്യങ്ങൾക്കിരയായവരുടെ പുനരധിവാസപ്രവർത്തനങ്ങൾ.
8. വിചാരണ തടവുകാരുടെ പരിശോധനക്കായുള്ള ജില്ലാതല ജയിൽ റിവ്യൂ കമ്മിറ്റിമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സെക്ഷൻ ഓഫീസർ